പതിനാലാം കേരള നിയമസഭ

പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1804 05.02.2019-ലെ മറുപടിക്ക്

## കെ.എസ്.ആർ.ടി.സി.യിലെ ഒഴിവുകൾ

| ചോദ്യം<br>ശ്രീമതി.പി. അയിഷാ പോറ്റി | | മറുപടി<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | കെ.എസ്.ആർ.ടി.സി യിൽ ഏതൊക്കെ തസ്തികകളിലായി എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് വെളിപ്പെടുത്തുമോ; | (എ) യും (ബി) യും | കെ.എസ്.ആർ.ടി.സി അതീവ ഗുരുതര സാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാൽ സർക്കാർ കൊൽക്കത്ത ഐ.ഐ.എം-ലെ റിട്ടയേർഡ് പ്രൊഫ.സുശീൽ ഖന്നയെ കെ.എസ്.ആർ.ടി.സിയുടെ പുനരുദ്ധാരണത്തെ കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ നിയോഗിക്കുകയും പ്രൊഫ. സുശീൽ ഖന്നയുടെ റിപ്പോർട്ട് പ്രകാരം ജീവനക്കാരുടെ എണ്ണം ദേശീയ ശരാശരിയെക്കാൾ കൂടുതലായതിനാൽ ബസ്സ് ജീവനക്കാരുടെ അനുപാതം ദേശീയ ശരാശരിക്കൊപ്പമെത്തിക്കാൻ ശ്രമിച്ചു വരികയാണ്. നിലവിൽ കെ.എസ്.ആർ.ടി.സി.യിൽ എല്ലാ വിഭാഗം ജീവനക്കാരുടെയും എണ്ണം ദേശീയ ശരാശരിയേക്കാൾ അധികമാണ്. ആയതിനാൽ തസ്തികകൾ ഒന്നും ഒഴിഞ്ഞു കിടക്കുന്നില്ല. ആയതിനാൽ പ്രൊഫ. സുശീൽ ഖന്നയുടെ അന്തിമ പഠന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മാത്രമേ എത്ര ഒഴിവുകൾ നിലവിലുണ്ടെന്ന് കണക്കാക്കാൻ കഴിയുകയുള്ളൂ. |
| (ബി) | പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; | | |

| | | | |
|---|---|---|---|
| (സി) | കെ.എസ്.ആർ.ടി.സി.യിലെ ഒഴിവുകൾ നിർണ്ണയിക്കുന്നതിന് പ്രത്യേക സമിതിയെ രൂപീകരിക്കാൻ നടപടി സ്വീകരിക്കുമോ;വിശദമാക്കുമോ? | (സി) | കോർപ്പറേഷന്റെ പുനരുദ്ധാരണത്തിന്റെ ഭാഗമായി സർക്കാർ പഠനത്തിനായി നിയമിച്ച പ്രൊഫ.സുശീൽ ഖന്നയുടെ പഠനം പുരോഗമിക്കുകയാണ്. കെ.എസ്. ആർ.ടി.സി.യിലെ ഒഴിവുകൾ നിർണ്ണയിക്കുന്നതും ടി പഠനത്തിന്റെ ഭാഗമാണ്. ആയതിനാൽ പ്രൊഫ. സുശീൽ ഖന്നയുടെ അന്തിമ റിപ്പോർട്ട് ലഭ്യമായാൽ മാത്രമേ മറ്റ് സമിതി രൂപീകരിക്കേണ്ടതുണ്ടോ എന്ന് പരിശോധിക്കാൻ കഴിയുകയുള്ളൂ. |

**സെക്ഷൻ ഓഫീസർ**